**വെർച്വൽ ക്യൂ ബുക്കിംഗ് പരിധി 80000 ആക്കി**

ശബരിമല ദർശനത്തിനായുള്ള വെർച്വൽ ക്യൂ ബുക്കിംഗ് പരിധി 80000 ആക്കി കുറച്ചു. നിലവിൽ 90000 ആയിരുന്നു ബുക്കിംഗ് പരിധി. ബുക്കിംഗ് പരിധി 90000 ആയപ്പോൾ ഉണ്ടായ ക്രമാതീതമായ ഭക്തജന തിരക്ക് കണക്കിലെടുത്ത് സംസ്ഥാന സർക്കാരും ദേവസ്വം മന്ത്രിയും ദേവസ്വം ബോർഡ് പ്രസിഡൻറും സംയുക്തമായി നടത്തിയ കൂടിയാലോചനകൾക്കൊടുവിലാണ് ബുക്കിംഗ് പരിധി കുറക്കാൻ തീരുമാനമായത്. എന്നാൽ നേരത്തെ നിശ്ചയിച്ചിട്ടുള്ള സ്ഥലങ്ങളിൽ അയ്യപ്പഭക്തർക്കായി സ്പോട്ട് ബുക്കിംഗ് സൗകര്യം ഉണ്ടായിരിക്കുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻ്റ് പി.എസ്.പ്രശാന്ത് പറഞ്ഞു.ശബരിമലയിൽ എത്തുന്ന അയ്യപ്പഭക്തർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടില്ലെന്ന പ്രചാരണം വസ്തുതകൾക്ക് നിരക്കാത്തതാണ്.ശബരിമലയിൽ എത്തുന്ന ഭക്തർക്ക് നിലയ്ക്കൽ ,പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. ബാത്ത് റൂം, ടോയിലറ്റ്, യൂറിനൽ സൗകര്യങ്ങൾ, ബയോ ടോയ്ലറ്റുകൾ എന്നിവ തീർത്ഥാടകർ എത്തുന്ന ഇടങ്ങളിൽ ക്രമീകരിച്ചിരിക്കുന്നു. എല്ലായിടങ്ങളിലും കുടിവെള്ളം വിതരണം ചെയ്യുന്നുണ്ട്. യഥാസമയം വൈദ്യസഹായം ലഭ്യമാക്കുന്നു.അയ്യപ്പഭക്തരുടെ തിരക്ക് നിയന്ത്രിച്ച് ഭക്തർക്ക് സുഗമമായ ദർശന സൗകര്യം ഒരുക്കുന്നതിൻ്റെ ഭാഗമായി മരക്കൂട്ടത്ത് ക്യൂ കോംപ്ലെക്സിൽ ദേവസ്വം ബോർഡ്  ആരംഭിച്ച ഡയനാമിക് ക്യൂ സിസ്റ്റം പൂർണ്ണമായും പ്രവർത്തിച്ചു വരുന്നു.പ്രതികൂല കാലാവസ്ഥയിലും ഭക്തർക്ക് ഡയനാമിക് ക്യൂ സിസ്റ്റം അനുഗ്രഹമായി മാറുകയാണ്. മുൻ കാലങ്ങളിൽ നിന്ന് വ്യത്യസ്തമായി പൊലീസിന് ഭക്തജനതിരക്ക് നിയന്ത്രണ വിധേയമാകുന്നതിന് പുതിയ ക്യൂ സിസ്റ്റം ഏറെ സഹായകരമായിരിക്കുന്നുവെന്നത് പൊലീസ് തന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.ചുക്കുവെള്ളം, ബിസ്ക്കറ്റ് ഇവയൊക്കെ എല്ലാ ക്യൂ കോംപ്ലെക്സുകളും ഭക്തർക്ക് യഥേഷ്ടം നൽകി വരുന്നു.നടപ്പന്തലിലും കുടിവെള്ള വിതരണവും ബിസ്ക്കറ്റ് വിതരണവും ഭക്തർക്ക് ആശ്വാസം പകരുന്നുണ്ട്. പതിനെട്ടാം പടി കയറിയെത്തുന്ന ഭക്തർക്ക് നല്ല രീതിയിൽ അയ്യപ്പദർശനം സാധ്യമാകുന്നുണ്ട്. ഭക്തർക്കായി മൂന്നു നേരവും അന്നദാനവും നൽകി വരുന്നു.സർക്കാരിൻ്റെ വിവിധ വകുപ്പുകളുമായി ചേർന്നു കൊണ്ട് എല്ലാ തരത്തിലും അയ്യപ്പഭക്തർക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കി നൽകികൊണ്ടാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് മുന്നോട്ടു പോകുന്നതെന്നും ദേവസ്വം ബോർഡ് പ്രസിഡൻ്റ് പി.എസ്.പ്രശാന്ത് വ്യക്തമാക്കി.

**ശബരിമലയിലെ 10.12.2023 ലെ ചടങ്ങുകൾ**

..............

പുലർച്ചെ 2.30 ന് പള്ളി ഉണർത്തൽ

3 ന്.... തിരുനട തുറക്കൽ.. നിർമ്മാല്യം

3.05 ന് .... പതിവ് അഭിഷേകം

3.30 ന് ...ഗണപതി ഹോമം

3.30 മുതൽ 7 മണി വരെയും 8 മണി മുതൽ 11 .30 മണി വരെയും നെയ്യഭിഷേകം

7.30 ന് ഉഷപൂജ

12 ന് ഇരുപത്തിയഞ്ച് കലശപൂജ

തുടർന്ന് കളഭാഭിഷേകം

12.30 ന് ഉച്ചപൂജ

1 മണിക്ക് ക്ഷേത്രനട അടയ്ക്കും.

വൈകുന്നേരം 4 മണിക്ക് ക്ഷേത്രനട തുറക്കും

6.30ന് ദീപാരാധന

6.45 ന് പുഷ്പാഭിഷേകം

9.30 മണിക്ക് .....അത്താഴപൂജ

10.50ന് ഹരിവരാസനം സങ്കീർത്തനം പാടി 11മണിക്ക് ശ്രീകോവിൽ നട അടയ്ക്കും..............

പുലർച്ചെ 2.30 ന് പള്ളി ഉണർത്തൽ

3 ന്.... തിരുനട തുറക്കൽ.. നിർമ്മാല്യം

3.05 ന് .... പതിവ് അഭിഷേകം

3.30 ന് ...ഗണപതി ഹോമം

3.30 മുതൽ 7 മണി വരെയും 8 മണി മുതൽ 11 .30 മണി വരെയും നെയ്യഭിഷേകം

7.30 ന് ഉഷപൂജ

12 ന് ഇരുപത്തിയഞ്ച് കലശപൂജ

തുടർന്ന് കളഭാഭിഷേകം

12.30 ന് ഉച്ചപൂജ

1 മണിക്ക് ക്ഷേത്രനട അടയ്ക്കും.

വൈകുന്നേരം 4 മണിക്ക് ക്ഷേത്രനട തുറക്കും

6.30ന് ദീപാരാധന

6.45 ന് പുഷ്പാഭിഷേകം

9.30 മണിക്ക് .....അത്താഴപൂജ

10.50ന് ഹരിവരാസനം സങ്കീർത്തനം പാടി 11മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

**സന്നിധാനത്തെ ആരോഗ്യമേഖല പൂർണ്ണ സജ്ജം**

അയ്യപ്പ ദർശനത്തിനെത്തുന്ന ഭക്തർക്ക് വേണ്ടി സന്നിധാനം ആശുപത്രി സദാ സജ്ജം.

ഭക്തരുടെ തിരക്ക് ദിനം പ്രതി വർദ്ധിക്കുന്ന സാഹചര്യത്തിൽ സന്നിധാനത്തെത്തുന്ന സ്വാമിമാർക്ക് ആരോഗ്യ സംബന്ധമായ സേവനങ്ങൾ ഉറപ്പുവരുത്തിയതായി ചീഫ് മെഡിക്കൽ ഓഫീസർ ഡോ. അരുൺ.

ജീവിതശൈലി രോഗങ്ങളാണ് കൂടുതലായി കണ്ടു വരുന്നത്. ഹൃദയ സംബന്ധമായ അസുഖമുള്ളവരും ജിവിതശൈലി രോഗമുള്ളവരും തീർത്ഥാടന യാത്രയിൽ കൃത്യമായി മരുന്ന് കഴിക്കണെന്നും കഴിക്കുന്ന

മരുന്നിന്റെ കുറിപ്പടി കയ്യിൽ കരുതണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

24 മണിക്കുർ പ്രവർത്തിക്കുന്ന ആശുപത്രിയിൽ കാർഡിയോളജിസ്റ്റ്, ഫിസിഷൻ, സർജൻ എന്നിവരുടെ സേവനങ്ങളും ലഭ്യമാണ്. അടിയന്തിര സാഹചര്യങ്ങളിൽ ആംബുലൻസ് മാർഗ്ഗം പമ്പ ആശുപത്രിയിലേക്കും അത്യാവശ്യ ഘട്ടങ്ങളിൽ അവിടെ നിന്നും പത്തനംതിട്ട ജനറൽ ഹോസ്പിറ്റലിലേക്കും കോന്നി മെഡിക്കൽ കോളേജിലേക്കും എത്തിക്കാനുള്ള സൗകര്യവുമുണ്ട്.

എമർൻസി സർവ്വീസിനായി സന്നിധാനത്ത് ദേവസ്വം ബോർഡിന്റെ ആംബുലൻസും ചരൽമേടിൻ ഫോറസ്റ്റിന്റെ ആംബുലൻസും പ്രവർത്തിക്കുന്നുണ്ട് ഇതിനു പുറമെ പുതുതായി ആരോഗ്യവകുപ്പിന്റെ ആംബുലൻസ് കൂടി പ്രവർത്തനമാരംഭിക്കും.

ആവശ്യമായ എല്ലാ മെഡിക്കൽ സൗകര്യങ്ങളും പമ്പയിലും, സഞ്ചാര പാതയിലും, സന്നിധാനത്തും ആരോഗ്യവകുപ്പ് ക്രമീകരിച്ചിട്ടുണ്ട്.